# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4035 27.6.2012-ൽ മറുപടിയ്ക്ക്

# കുഴൽമന്ദം ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം ശുദ്ധജലവിതരണ പദ്ധതി വിപുലപ്പെടുത്തുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; | (എ) & (ബി) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം കണ്ണാടി, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ 2785 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 2011 എസ്.എൽ. എസ്.എസ്.സിയിൽ സമർപ്പിച്ചു വെങ്കിലും ഫേസ് – 1 ആയി 1500 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നല്കിയത്. പദ്ധതിയുടെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ബാക്കി തുക ലഭിക്കുന്നതിന് ആവശ്യമായ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (ബി) | ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | നിലവിലുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള കുഴൽമന്ദം ശുദ്ധജല വിതരണ പദ്ധതി 1985-ൽ കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതിയുടെ സ്രോതസ്സ് തിരുനെല്ലായിപ്പുഴയിലുള്ള ഇൻഫിൽറ്ററേഷൻ ഗ്യാലറിയും കിണറുമാണ്. പ്രഷർ ഫിൽട്ടർ വഴി ജലം ശുദ്ധീകരിച്ചാണ് ജല വിതരണം |

നടത്തിവരുന്നത്. നിലവിൽ കാല പ്പഴക്കം ചെന്ന 150 എം.എം വ്യാസമുള്ള എ.സി പൈപ്പും 3.50 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും ഏകദേശം 50 കി. മീ നീളത്തിൽ വിവിധ വ്യാസമുള്ള ജലവിതരണ പൈപ്പുകളുമാണുള്ളത്. ഇപ്പോൾ ജനസംഖ്യ വർദ്ധിച്ചതിനാൽ നിലവിലുള്ള പദ്ധതികൊണ്ട് എല്ലാ പ്രദേശത്തും കുടിവെള്ള വിതരണം മതിയായ തോതിൽ നടത്തുവാൻ കഴിയുന്നില്ല.

സെക്ഷൻ ഓഫീസർ